<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2509</u> <u>24-06-2024 - ൽ മറുപടിയ്ക്ക്</u>

<u>ജി.എസ്.ടി ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയ നികുതിവെട്ടിപ്പ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് വിഭാഗം മുൻസർക്കാരിന്റെ കാലം മുതൽ നാളിത് വരെ എത്ര കോടിയുടെ നികുതിവെട്ടിപ്പ് കണ്ടെത്തിയെന്നുള്ളതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിൽ നിന്നും നികുതിയായി സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടിയ തുക എത്രയെന്ന് വർഷം തിരിച്ചറിയിക്കാമോ; നാളിത് വരെ എത്ര കേസുകളിൽ അറസ്റ്റ് അടക്കമുള്ള നടപടികൾ എടുത്തുവെന്നുള്ള വിശദാംശം നൽകുമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം മുൻ സർക്കാരിന്റെ കാലം മുതൽ നാളിതു വരെ വിവിധ പരിശോധനകളിൽ നിന്ന് നികുതി വെട്ടിപ്പ് കണ്ടെത്തിയതിന്റെയും നികുതിയും പിഴയും സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടിയ തുകയും **<u>അനുബന്ധമായി</u>** ചേർക്കുന്നു. ഇന്റലിജൻസ് വിഭാഗം സംസ്ഥാനത്തുടനീളം നടത്തിയ പരിശോധനകളിൽ ഗുരുതരമായ ക്രമക്കേടുകളിൽ നികുതിവെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ 14 അറസ്റ്റുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര കേസിൽ പ്രോസിക്യൂഷൻ നടപടികൾ പൂർത്തീകരിച്ചുവെന്നും എത്ര കേസുകളിൽ അന്തിമ കുറ്റപത്രം സമർപ്പിച്ചുവെന്നും അറസ്റ്റ് ചെയ്ത കേസുകളിൽ എത്ര പേർ ജാമ്യത്തിലിറങ്ങിയെന്നുമുള്ള വിശദാംശം നൽകുമോ? | (ബി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം സംസ്ഥാനത്തുടനീളം നടത്തിയ പരിശോധനകളിൽ നികുതിവെട്ടിപ്പ് നടത്തി ഗുരുതര കുറ്റകൃത്യം കണ്ടെത്തിയവയിൽ അറസ്റ്റ് ചെയ്ത 14 പേരിൽ 13 പേർ ജാമ്യത്തിലിറങ്ങി. പ്രോസിക്യൂഷൻ നടപടികൾ പൂർത്തീകരിച്ച കേസുകൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| വർഷം | നികുതിവെട്ടിപ്പ് കണ്ടെത്തിയ തുക(കോടിയിൽ) | പിരിച്ചെടുത്ത തുക (കോടിയിൽ) |
|---|---|---|
| 2017-18 | 4.9 | 2.55 |
| 2018-19 | 7.51 | 3.51 |
| 2019-20 | 26.33 | 20.45 |
| 2020-21 | 58.33 | 50.02 |
| 2021-22 | 172.36 | 157.05 |
| 2022-23 | 753.19 | 532.05 |
| 2023-24 | 1802.01 | 1744.7 |
| 2024-25 | 59.45 | 72.3 |

സെക്ഷൻ ഓഫീസർ